(ഡി) ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത് എന്ന കണക്ക് ലഭ്യമാണോ; ആകെ പ്രവാസി മലയാളികളുടെ എണ്ണം കണക്കാക്കുമ്പോൾ ഇത് എത്രത്തോളം തൃപ്തികരമാണ് ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 66,621 ആയിരുന്ന പ്രവാസി ക്ഷേമനിധി അംഗത്വം ഇപ്പോൾ 1,31,033 ആയി വർദ്ധിച്ചിട്ടുണ്ട്. ക്ഷേമ ബോർഡ് അനുവദിച്ച് വരുന്ന ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യ പദ്ധതികൾക്ക് പുറമെ വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം എന്നിവയും ബോർഡിൽ നിന്നും അംഗങ്ങൾക്കായി ഇപ്പോൾ അനുവദിച്ചുവരുന്നു. കൂടാതെ പെൻഷൻ, കുടുംബ പെൻഷൻ എന്നിവയും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2014 സെപ്റ്റംബർ മാസം മുതൽ പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

(സി) അംഗത്വ തീയതി മുതൽ 60 വയസ്സുവരെ തുടർച്ചയായി അംശദായമടച്ചിട്ടുള്ള എല്ലാ അംഗങ്ങൾക്കും ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചുവരുന്നുണ്ട്.

(ഡി) പ്രവാസി ക്ഷേമനിധിയിൽ 1,31,033 അംഗങ്ങൾ നിലവിലുണ്ട്. പ്രവാസി ക്ഷേമനിധി അംഗത്വം വർദ്ധിപ്പിക്കുന്നതിന് പ്രവാസി സംഘടനകളുടെയും മറ്റും സഹായത്തോടെ ബോർഡ് ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

ജെൻഡർ പാർക്കുകൾ

3(*273) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) സ്ത്രീകളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. വനിതകളുടെ സാമ്പത്തിക സാമൂഹ്യ പുരോഗതിക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ, കോഴിക്കോട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്തായിരിക്കും ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ഇതുകൂടാതെ ക്യാമ്പസിന് പുറത്തുള്ള വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ 'ഷീ-ടാക്സി' കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ "ഫുഡ് ഓൺ വീൽസ്" എന്ന നൂതന പദ്ധതി കുടുംബശ്രീ മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) കോഴിക്കോട് നിലവിൽ വരുന്ന ജെൻഡർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2015 ഏപ്രിൽ മാസം ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ട നിർമ്മാണം 15 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്കുവേണ്ടി വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ-ടാക്സി' പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ "ഫുഡ് ഓൺ വീൽസ്" തുടങ്ങി വിവിധ പദ്ധതികൾ ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly